## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 571 — 23.05.2017-ലെ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ ഏകീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | മുൻസർക്കാരിൽ നിന്നും വ്യത്യസ്തമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം ഏകീകരിച്ചതുമൂലം ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുണ്ടോ; | (എ) | ഇല്ല |
| (ബി) | ഇത്തരത്തിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരകാര്യങ്ങൾ ഒരുമിച്ച് ചേർത്തത് മൂലം ജോലിഭാരത്തിൽ വന്ന മാറ്റം, പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | (ബി) | ഇല്ല |
| (സി) | പദ്ധതി പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന് നിലവിൽ സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ? | (സി) | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇപ്പോൾ തന്നെ സംസ്ഥാനജില്ലാ തലങ്ങളിൽ സംവിധാനങ്ങളുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.<br>കൂടാതെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവർത്തനത്തനത്തിന് പിന്തുണ നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br>13-ാം പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിന് താഴെപ്പറയുന്ന സുപ്രധാനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർ പരിശോധിച്ച് വെറ്റിംഗ് |

നടത്തി ജില്ലാ ആസൂത്രണ സമിതിക്കു നൽകുന്നതിനു പകരം വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയതിനു ശേഷം വെറ്റിംഗ് നടത്തുന്ന രീതിയിലേക്കു വന്നു.

വാർഷിക പദ്ധതി മൊത്തത്തിൽ അംഗീകരിക്കുന്നതിനു മുമ്പ് മുടക്കം കൂടാതെ നടത്തേണ്ട പ്രോജക്ടുകളും സീസണിനു മുമ്പു നടത്തേണ്ട പ്രോജക്ടുകളും നടപ്പാക്കാനുള്ള സമീപനം സ്വീകരിച്ചു.

നഗരപ്രദേശങ്ങളുടെ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നതിനും നഗരവത്ക്കരണത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കുന്നതിനും നഗരസഭകൾക്ക് പ്രത്യേകമായ മാർഗ്ഗരേഖ തയ്യാറാക്കി.

തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പ്രോജക്ടുകൾ വെറ്റ് ചെയ്യുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള സൗകര്യം ഇല്ലാതിരുന്നതാണ്. എന്നാൽ പ്രോജക്ടുകൾ വെറ്റിംഗിനും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് ഈ തടസ്സം ഇപ്പോൾ നീക്കിയിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ